പത്രക്കുറിപ്പ്

# നിയമസഭ തെരഞ്ഞെടുപ്പ്: വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

തിരുവനന്തപുരം:- നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായി ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ നിയമസഭ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി 1500 ഓളം പോലീസ് ഉദ്യോഗസ്ഥരെയാണ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്ര സേനാ വിഭാഗത്തിന്റെ 700 ഉദ്യോഗസ്ഥരെയും 1000 സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരെയും അധികമായി വിന്യസിച്ചിട്ടുണ്ട്. 26 ഡി.വൈ.എസ്.പിമാരുടെ മേൽനോട്ടത്തിൽ 38 ഇൻസ്പെക്ടർമാരും 222 എസ്.ഐ മാരും സുരക്ഷാ ചുമതല വഹിക്കും. നഗരത്തിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിലായുള്ള 1403 പോളിംഗ് ബൂത്തുകൾ കേന്ദ്രീകരിച്ച 50 ഗ്രൂപ്പ് പട്രോളിംഗ് പാർട്ടിയെയും നഗരത്തിലെ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച ക്രമസമാധാന പാലനത്തിന് പ്രത്യേകമായി 50 പട്രോളിംഗ് സംഘങ്ങളെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്പെഷ്യൽ സ്ട്രൈക്കിങ് ഫോഴ്സുകളും നഗരത്തിൽ

ഏർപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ ആകെയുള്ള 1403 പോളിംഗ് ബൂത്തുകളിൽ പ്രശ്ന സാധ്യത കണക്കിലെടുത്ത് ബൂത്തുക്കളെ തരംതിരിച്ചതിൽ 206 സെൻസിറ്റീവ് ബൂത്തുകളും 10 ക്രിട്ടിക്കൽ ബൂത്തുകളും 81 വൽനറബിൾ ബൂത്തുകളുമാണുള്ളത്. ഇതിൽ സെൻസിറ്റീവ് ബൂത്തുകളിൽ സാധാരണ ബൂത്തുകളിലുള്ളതിനേക്കാൾ കൂടുതൽ പോലീസിനേയും ക്രിട്ടിക്കൽ, വൽനറബിൾ ബൂത്തുകളിൽ പോലീസിനെ കൂടാതെ കേന്ദ്ര സേനയേയും ആവശ്യത്തിന് ഡ്യൂട്ടിക്ക് നിയോഗിക്കും. വോട്ടർമാർക്ക് നിർഭയമായി വോട്ട് രേഖപ്പെടുത്തുവാൻ എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വോട്ടെടുപ്പ് സുരക്ഷിതമായും സമാധാനപരമായും പൂർത്തിയാക്കുന്നതിനായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും അതോടൊപ്പം കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളും എല്ലാവരും പാലിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
04-04-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി